"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - കൊല്ലം ജില്ലയിലെ എഴുകോണിലെ പാലരുവി സ്മാർട്ട് അഗ്രി വില്ലേജ് ഫേസ്-1 - ഫാം സ്കൂൾ എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.164/2026/F&P തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1118/2026/ധന തീയതി:05/02/2026

2. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 18/02/2026-ലെ 3747/H/24/KSCADC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024-25 വർഷത്തെ ബജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 2841 ആയി ഉൾപ്പെടുത്തി 1 കോടി രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച് പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കിയ "പാലരുവി എഫ്.പി.ഒ" എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് വകുപ്പിൽ നിന്നും ഫിഷറീസ് വകുപ്പിലേയ്ക്ക് മാറ്റി പരാമർശം (1) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, എഴുകോണിൽ ഫാം സ്കൂൾ (ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ/ലാബുകൾ, മറ്റ് സൗകര്യങ്ങൾ) എന്നിവ ഒരുക്കുന്നതിനായി കൊല്ലം ജില്ലയിലെ എഴുകോണിലെ പാലരുവി സ്മാർട്ട് അഗ്രി വില്ലേജ് ഫേസ്-1 - ഫാം സ്കൂൾ എന്ന പദ്ധതിയുടെ 1,12,20,000/- (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയുടെ ഡി.പി.ആർ പരാമർശം (2) പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സർക്കാരിലേക്ക് സമർപ്പിക്കുകയും, പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ എഴുകോണിലെ പാലരുവി സ്മാർട്ട് അഗ്രി വില്ലേജ് ഫേസ്-1 - ഫാം സ്കൂൾ എന്ന പദ്ധതിയ്ക്ക് 1 കോടി രൂപയുടെ (ഒരു കോടി രൂപ മാത്രം) ഭരണാനുമതിയും, 20% പ്രൊവിഷനും 5054-80-800-66 എന്ന ശീർഷകത്തിൽ നിന്നും ധനകാര്യ വകുപ്പിന്റെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ (അഗ്രി) വകുപ്പ് (2972988/Agri-B1/2024-FIN തീയതി: 07/02/2026 പ്രകാരം)
വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി2/56/2026/മതുവ ഫയൽ പ്രകാരം)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 25-02-2026 16:45:29